ഉത്തരം

(എ) സംസ്ഥാന ശിശുക്ഷേമ സമിതിയിൽ 2000 ഒക്ടോബർ, നവംബർ, മാസങ്ങളിലായി 238 പേർക്ക് പുതുതായി അംഗത്വം നൽകിയിട്ടുണ്ട്. അവരുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) അറിയില്ല.

(സി) അറിയില്ല.

ശിശുക്ഷേമ സമിതിയിലെ അംഗങ്ങൾ

33 (606) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന സന്ദർഭത്തിൽ സംസ്ഥാന ശിശുക്ഷേമ സമിതിയിൽ എത്ര അംഗങ്ങളുണ്ടായിരുന്നു ;

(ബി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം എത്ര പേർക്ക് പുതുതായി അംഗത്വം നൽകി ;

(സി) ഇവരിൽ എത്ര അബ്കാരി കോൺട്രാക്ടർമാരുണ്ട് ; ആരെല്ലാം ;

(ഡി) കല്ലുവാതുക്കൽ- പള്ളിക്കൽ മദ്യദുരന്ത കേസിൽ പ്രതിയായിരുന്ന മണിച്ചൻ അഥവാ ചന്ദ്രദാസിന്റെ ബന്ധുവായ സുരേഷ്, മാനേജർ ബാലചന്ദ്രൻ എന്നിവർ സംസ്ഥാന ശിശുക്ഷേമ സമിതിയിലെ അംഗങ്ങളാണോ ;

(ഇ) പ്രസ്തുത സമിതിയിൽ സി.പി.എം-ന്റെ എത്ര നേതാക്കളെ അംഗങ്ങളായി ചേർത്തിട്ടുണ്ട് ?

ഉത്തരം

(എ) 170 അംഗങ്ങളുണ്ടായിരുന്നു.

(ബി) 398 പേർക്ക് പുതുതായി അംഗത്വം നൽകിയിട്ടുണ്ട്.

(സി) അറിയില്ല.

(ഡി) സമിതിയുടെ അംഗത്വ രജിസ്റ്റർ പ്രകാരം സി. സുരേഷ്, കെ. ബാലചന്ദ്രൻ എന്നിവർ അംഗങ്ങളാണ്. ഇവരിൽ ആർക്കെങ്കിലും വിഷമദ്യക്കേസിലെ പ്രതിയായ മണിച്ചനുമായി ബന്ധമുണ്ടോ എന്നകാര്യം സർക്കാരിനു അറിയില്ല.

(ഇ) അറിയില്ല. ശിശുക്ഷേമ സമിതിയിൽ അംഗങ്ങളെ ചേർത്തിട്ടുള്ളത് രാഷ്ട്രീയാടിസ്ഥാനത്തിലല്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly